# Official Spokesperson's response to queries on the recent media report quoting a Chinese Foreign Ministry statement regarding China’s position on the LAC

September 29, 2020

---

**ചൈനയുടെ LAC യിലുള്ള സ്ഥാനങ്ങളെ സംബന്ധിച്ച് ചൈനീസ് വിദേശകാര്യമന്ത്രാലയത്തിന്റെ പ്രസ്താവന ഉൾക്കൊള്ളിച്ചുകൊണ്ട് അടുത്തിടെ വന്ന മാധ്യമ റിപ്പോർട്ടിനെകുറിച്ചുള്ള അന്വേഷണങ്ങളിൽ ഔദ്യോഗിക വക്താവിന്റെ മറുപടി.**

**സെപ്റ്റംബർ** 29, 2020

ചൈനയുടെ LAC യിലുള്ള സ്ഥാനങ്ങളെ സംബന്ധിച്ച് ചൈനീസ് വിദേശകാര്യമന്ത്രാലയത്തിന്റെ പ്രസ്താവന ഉൾക്കൊള്ളിച്ചുകൊണ്ട് അടുത്തിടെ വന്ന മാധ്യമ റിപ്പോർട്ടിനെകുറിച്ചുള്ള അന്വേഷണങ്ങളിൽ ഔദ്യോഗിക വക്താവായ ശ്രീ അനുരാഗ് ശ്രീവാസ്തവയുടെ മറുപടി ഇപ്രകാരമായിരുന്നു.

ഇന്ത്യ ചൈന അതിർത്തിയിലെ യഥാർത്ഥ നിയന്ത്രണ രേഖയിൽ (LAC) ചൈനയുടെ സ്ഥാനം സംബന്ധിച്ചുള്ള ചൈനീസ് വിദേശകാര്യാമന്ത്രാലയത്തിന്റേതായി സെപ്റ്റംബർ 29 ന് ഹിന്ദുസ്ഥാൻ ടൈംസിൽ വന്ന റിപ്പോർട്ട് ഞങ്ങൾ നിരീക്ഷിക്കുകയുണ്ടായി.

1959 ൽ ഏകപക്ഷീയമായി വിഭാവനം ചെയ്തിട്ടുള്ള ഇത്തരത്തിലുള്ള യഥാർത്ഥ നിയന്ത്രണ രേഖ (LAC) ഒരിക്കലും അംഗീകരിച്ചിട്ടില്ല. ഈ നിലപാട് സ്ഥിരവും ചൈനീസ് വിഭാഗത്തിന് കൂടി അറിവുള്ളതുമാണ്.

ഇതുകൂടാതെ 1993 ലെ LAC യിലെ ശാന്തിയും സമാധാനവും നിലനിർത്തുന്നതിനുള്ള ഉടമ്പടി, 1996 ലെ സൈനിക മേഖലയിലെ ആത്മവിശ്വാസം വളർത്തുന്നതിനുള്ള നടപടികൾ(CBM കൾ) സംബന്ധിച്ച ഉടമ്പടി, 2005 ലെ CBM കൾ നടപ്പിലാക്കുന്നതിനുള്ള പ്രോട്ടോകോൾ, 2005 ലെ ഇന്ത്യ-ചൈന അതിർത്തി പ്രശനങ്ങൾക് പരിഹരിക്കുന്നതിനുള്ള നിർദേശക തത്വങ്ങളും രാഷ്ട്രീയ മാനദണ്ഡങ്ങളും സംബന്ധിച്ചുള്ള ഉടമ്പടി എന്നിവയുൾപ്പെടുന്ന വിവിധ ഉഭയകക്ഷി ഉടമ്പടികളിൽ ഇന്ത്യയും ചൈനയും തമ്മിൽ LAC യുടെ വിന്യാസം സംബന്ധിച്ച് വ്യക്തതയുള്ളതും ഉറപ്പുള്ളതുമായ ഒരു പൊതു ധാരണയിൽ എത്തിച്ചേർന്നിട്ടുള്ളതാണ്. യഥാർത്ഥത്തിൽ LAC വ്യക്തമാക്കുന്നതിനായുള്ള പ്രവർത്തങ്ങൾ ഇരു വിഭാഗങ്ങളും 2003 മുതൽ തുടങ്ങിയിരുന്നുവെങ്കിലും ചൈനീസ് വിഭാഗം അതിനു സന്നദ്ധത പ്രകടിപ്പിക്കാത്തതിനാൽ അത് തുടരാൻ കഴിഞ്ഞിരുന്നില്ല.

അതിനാൽ, ഒരു LAC മാത്രമേയുള്ളൂ എന്ന ചെനീസ് വിഭാഗത്തിന്റെ വാദം ഈ ഉടമ്പടികളിൽ ചൈന കാണിച്ച ആത്മാർത്ഥമായ പ്രതിബദ്ധതയ്ക്ക് വിരുദ്ധമാണ്.

നമ്മൾ മുൻപ് വ്യക്തമാക്കിയത് പോലെ, ഇന്ത്യൻ വിഭാഗം ഇപ്പോഴും LAC യെ ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്തിരുന്നു. അടുത്തിടെ ബഹുമാനപെട്ട രക്ഷാമന്ത്രി പാർലിമെന്റിൽ അറിയിച്ചത് പോലെ LAC പടിഞ്ഞാറൻ പ്രവിശ്യയുടെ വിവിധഭാഗങ്ങളിൽ അതിക്രമിച്ചു കയറാൻ ശ്രമിച്ചതും ഏകപക്ഷീയമായി അധികാരം മാറ്റാൻ ശ്രമിച്ചതും ചൈനീസ് വിഭാഗമാണ്.

കഴിഞ്ഞ കുറച്ചു മാസങ്ങളായി അതിർത്തി മേഖലകളിലെ നിലവിലുള്ള സാഹചര്യം ഇരു രാജ്യങ്ങളും ഒപ്പു വായിച്ചിട്ടുള്ള ഉടമ്പടികൾക്ക് അടിസ്ഥനമായി പരിഹരിക്കാം എന്ന് ചൈനീസ് വിഭാഗം ആവർത്തിച്ചു അറിയിക്കുന്നുണ്ടായിരുന്നു. സെപ്റ്റംബർ 10 ന് വിദേശകാര്യമന്ത്രിയും ചൈനീസ് വിഭാഗത്തിൽ നിന്നും തുല്യ അധികാരത്തിൽ ഉള്ള വ്യക്തിയും തമ്മിൽ എത്തിച്ചേർന്ന ധാരണയിലും, നിലവിലുള്ള ഉടമ്പടികൾക്ക് അനുസരിച്ച് പ്രവർത്തിക്കാനുള്ള പ്രതിബദ്ധത ചൈനീസ് വിഭാഗം ആവർത്തിച്ചിരുന്നു.

അതിനാൽ നമ്മൾ പ്രതീക്ഷിക്കുന്നത് ചൈനീസ് വിഭാഗം സത്യസന്ധമായും വിശ്വസ്തതയോടെയും എല്ലാ ഉടമ്പടികളും ധാരണകളും അനുസരിച്ച് പ്രവർത്തിക്കുമെന്നും കൂടാതെ LAC യെ സംബന്ധിച്ച് ഏകപക്ഷീയമായ വ്യാഖ്യാനങ്ങളോടെ മുന്നോട്ടു പോകുന്നത് ഒഴിവാക്കും എന്ന് തന്നെയാണ്.

**ന്യൂ ഡൽഹി**
**29 സെപ്റ്റംബർ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.